പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5549 | 28.07.2015 ൽ മറുപടിയ്ക്ക് |
|---|---|
| **ചേലക്കര മണ്ഡലത്തിലെ അങ്കണവാടികൾ** | |
| **ചോദ്യം** | **ഉത്തരം** |
| **ശ്രീ.കെ.രാധാകൃഷ്ണൻ** | **ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) സ്വന്തമായി ഭൂമിയും, കെട്ടിടവും ഇല്ലാത്ത അംഗൻവാടികൾക്ക് ഇവ ലഭ്യമാക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സാമൂഹ്യനീതി വകുപ്പ് സ്വീകരിക്കുന്നുണ്ട്. അങ്കണവാടികൾക്ക് സ്ഥലം ലഭ്യമാക്കേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. സ്വന്തമായി ഭൂമിയും കെട്ടിടവും ഇല്ലാത്ത അങ്കണവാടികൾക്ക് ഇവ ലഭ്യമാക്കുന്നതിന് താഴെപറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br>i. അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാർ ഭൂമി, പുറമ്പോക്ക്, പഞ്ചായത്ത് ഭൂമി എന്നിവ ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.<br>ii. അങ്കണവാടിക്ക് ഭൂമി വിലയ്ക്ക് വാങ്ങുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്.<br>iii. സൗകര്യപ്രദമായ സ്കൂൾ കോമ്പൗണ്ടുകളിൽ അങ്കണവാടിക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.<br>iv. അങ്കണവാടിക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സൗജന്യമായി ഭൂമി വിട്ട് നൽകുന്നവരുടെ ആശ്രിതർക്ക് അങ്കണവാടി വർക്കർ/ഹെൽപ്പർ തസ്തികയിൽ നിയമനം നൽകി വരുന്നു.<br><br>അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി ലഭ്യമായാൽ NABARD - RIDF പദ്ധതി, മാതൃകാ അങ്കണവാടി പദ്ധതി, പ്ലാൻ ഫണ്ട് എന്നീ പദ്ധതികൾ മുഖേന അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) ചേലക്കര നിയമസഭാ മണ്ഡലത്തിൽ എത്ര അംഗൻവാടികൾ ഉണ്ടെന്നും, അതിൽ സ്വന്തമായി ഭൂമിയും കെട്ടിടവും ഉള്ളവ എത്രയാണെന്നും വ്യക്തമാക്കാമോ; | (ബി) ചേലക്കര നിയോജകമണ്ഡലത്തിൽ ആകെ 239 അങ്കണവാടികൾ ഉണ്ട്. ആയതിൽ 216 അങ്കണവാടികൾക്ക് സ്വന്തമായി ഭൂമിയും കെട്ടിടവുമുണ്ട്. |

| | |
|---|---|
| (സി) മണ്ഡലത്തിലെ എല്ലാ അംഗൻവാടികൾക്കും സ്വന്തമായി സ്ഥലവും, കെട്ടിടവും ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി ബന്ധപ്പെട്ട് സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. സ്ഥലം ലഭിക്കുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ